**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4491** **29-10-2021 - ൽ മറുപടിയ്ക്ക്**

**പന്നിയോട്ടുകടവിൽ ആദിവാസികൾക്കു വേണ്ടിയുള്ള കമ്മ്യൂണിറ്റി ഹാൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ജില്ലാ കൃഷിത്തോട്ടത്തിനു സമീപം പന്നിയോട്ടുകടവിൽ ആദിവാസികൾക്കു വേണ്ടി കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പന്നിയോട്ട്കടവ് സാംസ്കാരിക നിലയം നിർമ്മിക്കാൻ പ്രോജക്ട് ഏറ്റെടുക്കുകയും 2014-15 വർഷം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 08/04/2013-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരമാണ് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത്. |
| (സി) | പ്രസ്തുത കമ്മ്യൂണിറ്റി ഹാൾ ആദിവാസികളുടെ ആവശ്യത്തിനായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ജില്ലാ പഞ്ചായത്തിന്റെ വനജ്യോതി പദ്ധതി പ്രകാരമുള്ള പഠന ക്ലാസുകൾ ടി സ്ഥാപനത്തിൽ നടത്തിയിരുന്നു. കോവിഡിന്റെ സാഹചര്യത്തിൽ നിലവിൽ ക്ലാസുകൾ നടത്തുന്നില്ല. |
| (ഡി) | പ്രസ്തുത കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ആദിവാസി വിഭാഗത്തിലുള്ളവർ ആവശ്യപ്പെടുന്ന മുറയ്ക്ക് അവരുടെ ആവശ്യങ്ങൾക്കായി പ്രസ്തുത സാംസ്കാരിക നിലയം തുറന്ന് കൊടുക്കുന്നതിനായി ടി കെട്ടിടത്തിന്റെ താക്കോൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠന മുറിയും നിലിവിൽ ടി സാസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ